## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, വയനാട്

SL No.8/2007/DOW — നോർത്ത് കൽപ്പറ്റ

കാററഗറി നമ്പർ : 92/ 2006. — തീയതി: 11-3-08

### <u>വിജ്ഞാപനം</u>

13-10-2006 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം **വയനാട് ജില്ലയിൽ** അച്ചടി വകുപ്പിൽ 3590-5400 രൂപ ശമ്പള നിരക്കിൽ **കോപ്പിഹോൾഡർ** തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 92/2006) തെരഞ്ഞെടുപ്പിനായി 5-5-2007 തീയ്യതിയിൽ നടത്തിയ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ അഭിമുഖത്തിന് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നുകണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഈ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി ' W ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

### <u>മുഖ്യപട്ടിക</u>

**202 209 210 211 215 218**

### <u>ഉപപട്ടികകൾ</u>

<u>(1) ഈഴവ</u>

**203 207 221**

<u>(2) പട്ടിക ജാതി</u>

ഇല്ല

<u>(3) പട്ടിക വർഗ്ഗം</u>

ഇല്ല

*Contd…*

**COPYHOLDER(PRINTING) WAYANAD**

**(4) മുസ്ലീം**

ഇല്ല

**(5) ലാറ്റിൻ കാത്തലിക്**

ഇല്ല

**(6) ഒ.ബി.സി.**

ഇല്ല

**(7) വിശ്വകർമ്മ**

ഇല്ല

**(8) എസ്.ഐ.യു.സി. നാടാർ/ആംഗ്ലോ ഇൻഡ്യൻ**

ഇല്ല.

**(9) ഒ.എക്സ്.**

ഇല്ല

**(10) ധീവര**

ഇല്ല

**കുറിപ്പ്: 1** അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്ററർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊളളിച്ചിട്ടുളളത്. ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് അഭിമുഖത്തിന് വിളിക്കപ്പെടുന്നതിനോ അതിനുശേഷം റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിനോ യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2: ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുളള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുളളത്. അതിന് ശേഷമുളള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല..

3: ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് യോഗ്യത, ജനനതീയ്യതി, ജാതി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ നേരത്തെ ഹാജരാക്കാത്തവർ ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം **ജില്ലാ ആഫീസർ, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ്, വയനാട്** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.. ആവശ്യമായ പ്രമാണങ്ങളുടെ പകർപ്പുകൾ നിശ്ചിത സമയ പരിധിക്കുളളിൽ ഹാജരാക്കാത്ത

Contd…..

ഉദ്യോഗാർത്ഥികളുടേയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഇനി ഒരറിയിപ്പ് കൂടാതെതന്നെ ഈ ചുരുക്കപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

പരീക്ഷയിൽ 40 (നാൽപ്പത്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ ചുരുക്കപട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തിയാണ് ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നത്.

ഈ ചുരുക്കപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, 25-08-2007 ലെ സർക്കാർ ഉത്തരവ് നം. 46/2007/എസ്.സി/എസ്.റ്റി.ഡി.ഡി പ്രകാരം നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് അഭിമുഖത്തിന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോംപറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്ക സമുദായങ്ങളുടെ ഉപപട്ടികകളിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം അവരുടെ രജിസ്റ്റർ നമ്പറുകൾ ഇനിയൊരറിയിപ്പു കൂടാതെ തന്നെ ഈ ചുരുക്കപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

അഭിമുഖത്തിനുള്ള തീയ്യതി, സമയം, സ്ഥലം എന്നിവ പിന്നാലെ അറിയിക്കുന്നതാണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഉത്തരക്കടലാസ് പുന:പരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ചുരുക്കപട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുന:പരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

ലൈലാ ദാസ്
**ജില്ലാ ഓഫീസർ**

**കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, വയനാട്.**

**Jk/kpsc1**

**വിതരണാനുമതി നൽകുന്നു**

**(ഒപ്പ്)**
**സെക്ഷൻ ഓഫീസർ.**

*Opr04102007kpsc3*